പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 273 — 28.06.2011-ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കടം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുത പദ്ധതികളുടെ നടത്തിപ്പിന് വായ്പ എടുക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ; | (എ) വൈദ്യുതി ബോർഡിന്റെ ദീർഘകാല പദ്ധതി ആവശ്യങ്ങൾക്കും വൈദ്യുതി വാങ്ങുന്നതിനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി PFC, LIC, REC, KSPIFC തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടാതെ ബാങ്കുകളിൽ നിന്നുമായി മിതമായ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പയായും, ഓവർഡ്രാഫ്റ്റായും ദീർഘകാല വായ്പയായും ബോർഡ് കടം എടുക്കാറുണ്ട്. ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിന് ബോർഡ് പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഏറ്റവും കുറഞ്ഞ പലിശ നിരക്ക് വാഗ്ദാനം ചെയ്യുന്ന ബാങ്കിൽ നിന്നുമാണ് വായ്പ സ്വീകരിക്കുന്നത്. അതോടൊപ്പം കൂടിയ നിരക്കിലുള്ള വായ്പകൾ സമയബന്ധിതമായി അടച്ചു തീർക്കാനും ബോർഡ് പ്രത്യേകം ശ്രദ്ധ ചെലുത്താറുണ്ട്. |
| (ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കടം | (ബി) 31-03-2011 ലെ താൽക്കാലിക കണക്ക് അനുസരിച്ച് ബോർഡി |

| ചോദ്യം | ഉത്തരം |
|---|---|
| എത്രയെന്ന് വിശദമാക്കുമോ ; ഇതിൽ ദീർഘകാല വായ്പകൾ, ഹ്രസ്വകാല വായ്പകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ ; | ൻെറ നിലവിലുള്ള കടം താഴെ പറയുന്ന പ്രകാരമാണ്. |

ദീർഘകാല വായ്പകൾ

(രൂപ കോടിയിൽ)

| | |
|---|---|
| REC | 355.29 |
| REC-RGGVY | 4.74 |
| PFC | 5.79 |
| LIC | 50.39 |
| KSPIFC | 0.02 |
| KSE Bond | 10.45 |
| PFC-APDRP | 118.47 |
| | 545.15 |

ഹ്രസ്വകാല വായ്പകൾ

| | |
|---|---|
| SBI | 300.00 |
| Vijaya Bank | 200.00 |
| | 500.00 |

ഓവർഡ്രാഫ്റ്റ്

SBT, Federal Bank, Canara Bank, Vijaya Bank, UBI തുടങ്ങിയ ബാങ്കുകളിൽ നിന്നുമായി 310.36 കോടി രൂപ ഓവർഡ്രാഫ്റ്റായി എടുത്തിട്ടുണ്ട്. 31-03-2011-ലെ കണക്കുപ്രകാരം ബോർഡിൻെറ ആകെ കടം 1355.51 കോടി രൂപയാണ്.

(സി) 2001 - 02 സാമ്പത്തിക വർഷം മുതലുള്ള ഓരോ വർഷത്തേയും ബോർഡിൻെറ ദീർഘകാല വായ്പയുടെയും ഹ്രസ്വകാല വായ്പയുടെയും കണക്കുകൾ ലഭ്യമാക്കുമോ ;

(സി) 2001-02 മുതൽ 2009-10 വരെയുള്ള ബോർഡിൻെറ മൂലധന വായ്പയുടേയും (ക്യാപ്പിറ്റൽ ലയബിലിറ്റീസ്) വർക്കിംഗ് ക്യാപ്പിറ്റലിനുവേണ്ടിയുള്ള വായ്പയുടേയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) വായ്പ പലിശയിനത്തിൽ ഓരോ വർഷവും ബോർഡിനുണ്ടായ ചെലവ് വിശദമാക്കുമോ ;

(ഡി) 2001-02 മുതൽ 2009-10 സാമ്പത്തിക വർഷം വരെ വായ്പ പലിശയിനത്തിൽ ഓരോ വർഷവും

ബോർഡിനുണ്ടായ ചെലവ് താഴെ നൽകുന്നു.

(രൂപ കോടിയിൽ)

| Year | Interest on capital liabilities | Interest on borrowing for working capital | Total |
|---|---|---|---|
| 2001 02 | 581.21 | 2.99 | 584.2 |
| 2002 03 | 596.95 | 5.00 | 601.95 |
| 2003 04 | 622.16 | 11.02 | 633.18 |
| 2004 05 | 535.54 | 7.02 | 542.56 |
| 2005 06 | 451.44 | 4.92 | 456.36 |
| 2006 07 | 318.49 | 3.10 | 321.59 |
| 2007 08 | 232.84 | 2.80 | 235.64 |
| 2008 09 | 151.31 | 22.14 | 173.45 |
| 2009 10 | 123.08 | 24.58 | 147.66 |

(ഇ) 2005 - 06 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം വായ്പാ പലിശ ഇനത്തിൽ എന്തുതുകയുടെ വ്യത്യാസമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ?

(ഇ) 2005-06 സാമ്പത്തിക വർഷത്തെ വായ്പ പലിശയെ അപേക്ഷിച്ച് 2009-10 സാമ്പത്തിക വർഷത്തിൽ 308.70. കോടി രൂപയുടെ കുറവ് കണക്കാക്കപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം .

മൂലധന വായ്പ (രൂപ കോടിയിൽ)

| വർഷം | മുൻവർഷങ്ങളിലെ വായ്പയുടെ ബാക്കി | തൻവർഷം ലഭിച്ചത് | തിരിച്ചടവ് | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 2001-02 | 4386.35 | 675. 47 | 489.82 | 4572. 00 |
| 2002-03 | 4572.00 | 1327.09 | 1057.99 | 4841. 10 |
| 2003-04 | 4841.10 | 1997. 75 | 1751. 90 | 5086. 95 |
| 2004-05 | 5086.95 | 539.45 | 1396.48 | 4229.92 |
| 2005-06 | 4229.92 | 313.16 | 1207.15 | 3335.93 |
| 2006-07 | 3335.93 | 41.09 | 878.50 | 2498.52 |
| 2007-08 | 2498.52 | 3.08 | 644.88 | 1856.72 |
| 2008-09 | 1856.72 | 94.49 | 850.85 | 1100.36 |
| 2009-10 | 1100.36 | 991.99 | 682.86 | 1409.49 |

സാമ്പത്തിക വർഷവസാനമുള്ള വർക്കിംഗ് ക്യാപ്പിറ്റലിന് വേണ്ടിയുള്ള വായ്പ

| വർഷം | തുക. (രൂപ കോടിയിൽ) |
|---|---|
| 2001-02 | 85.83 |
| 2002-03 | 193.08 |
| 2003-04 | 186.12 |
| 2004-05 | 197.46 |
| 2005-06 | 89.74 |
| 2006-07 | 72.92 |
| 2007-08 | 59.06 |
| 2008-09 | 237.39 |
| 2009-10 | 160.46 |

RSN

സെക്ഷൻ ഓഫീസർ